# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

## പഴശ്ശി വെസ്റ്റ് യു പി

## മട്ടന്നൂർ സബ് ജില്ല

ആമുഖം

പഴശ്ശിരാജാവിന്റെ സ്മരണകൾ പഴശ്ശിയിൽ നൂറിലധികം തുടികൊള്ളുന്ന വർഷങ്ങളായി സമീപപ്രദേശത്തെ വിദ്യാർത്ഥികൾക്ക് അറിവിന്റെ അക്ഷരജ്യോതി തെളിയിച്ചുകൊണ്ട് തലശ്ശേരി കൂർഗ് റോഡിൽ പഴശ്ശി വില്ലേജ് ആപ്പീസിനും പഴശ്ശിരാജ സ്മൃതി മന്ദിരത്തിനും സമീപത്തായി സ്ഥിതി ചെയ്യുന്ന സ്കൂളാണ് പഴശ്ശി വെസ്റ്റ് യു പി സ്കൂൾ എൽ കെ ജി, യു കെ ജി ക്ക് പുറമെ ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ ഒരോ ഡിവിഷനും അഞ്ചു മുതൽ ഏഴ് വരെ രണ്ട് വീതം ഡിവിഷനും ഉള്ള പഴശ്ശി വെസ്റ്റ് യു പി സ്കൂളിൽ 206 കുട്ടികൾ പഠിക്കുന്നു.

മട്ടന്നൂർ സബ് ജില്ലയിലെ മികച്ച സ്കൂളുകളിലൊന്നായ പഴശ്ശി വെസ്റ്റ് യു പി സ്കൂൾ മികച്ച അക്കാദമിക നിലവാരം പുലർത്തുകയും പാഠ്യ പാഠ്യേതര വിഷയങ്ങളിൽ സവിശേഷമായ മികവ് പുലർത്തുകയും ചെയ്യുന്നു. അർ പ്പണബോധവും ആത്മാർത്ഥയും വിവിധ മേഖലകളിൽ കഴിവുമുള്ള ഒരുകൂട്ടം അധ്യാപകരാണ് സ്കൂളിന്റെ ശക്തി. സ്കൂൾ മാനേജർ എൻ സതീദേവി പ്രഥമധ്യാപിക ആശാലത. പി എന്നിവർ നേതൃത്വപരമായ പങ്കുവഹിക്കുന്നു. ഇ ജയപ്രകാശിന്റെ നേതൃത്വത്തലുള്ള പി ടി എ സ്കൂളിന്റെ എല്ലാ ദൈനം ദിന പ്രവർത്തനങ്ങൾ ക്കും പിന്തുണ നൽകുന്നു.

നമ്മൾ കാലാകാലമായി നേരിട്ടിരുന്ന ഒരു പ്രശ്നമായിരുന്ന ആവശ്യത്തിന് മൂത്രപ്പുരയും ടോയ് ലേറ്റും ഇല്ല എന്നത്. കണ്ണൂർ നിയോജക മണ്ഡലം എം പി കെ ശ്രീമതി ടീച്ചറുടെ എം പി ഫണ്ടിൽനിന്നും അനുവദിച്ച 320000 രൂപ ഉപയോഗിച്ച് നിർമിച്ച മൂത്രപുരയും ടോയ് ലേറ്റും ആ പ്രശ്നത്തിന് അല്പം പരിഹാരമായിരിക്കയാണ്.

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**പൊതുലക്ഷ്യങ്ങൾ**

1. കുട്ടികൾ ഒരോ ക്ലാസ്സിലും നേടേണ്ട ശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമായുള്ള കഴിവ് ഉറപ്പുവരുത്തുക.

3. ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക

4 ഗണിത പഠനം ആകർഷകമാക്കുക.

5. കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക.

6. കുട്ടികളുടെ പൊതുവിജ്ഞാനം പോഷിപ്പിക്കുക.

7. കുട്ടികളിൽ കൗതുകവും താല്പര്യവും വളർത്തിക്കൊണ്ട് പഠനം സുഗമമാക്കാൻ ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തുക

8. മുഴുവൻ കുട്ടികളേയും വായനയിൽ താല്പര്യമുള്ളവരാക്കി മാറ്റുക.

9. സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണത്തിൽ ഏർപ്പെടുത്തുക.

10. ദിനാചരങ്ങൾ പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠ നനേട്ടങ്ങൾ നേടാൻ പ്രാപ്തമാക്കുക.

11. പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് അധ്യാപക-രക്ഷാകർത്വ കൂട്ടായ്മയിലൂടെ പരി ഹാര ബോധന പ്രക്രിയ രൂപപ്പെടുത്തുക

12.ഓരോ ക്ലാസ്സിനും അനുയോജ്യമായ വർക്കുഷീറ്റുകൾ വിവിധ സ്രോതസുകളിൽ നിന്ന് ലഭ്യമാക്കി ഫലപ്രദമായി ഉപയോഗിക്കുക .

13.ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്നു മുന്നേറുവാൻ പ്രാപ്തരാക്കുക അവരുടെ സവിശേഷ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക

14.പി.ടി.എ. ക്ലാസ് പി.ടി.എ ശാക്തികരികുക.

15 സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് കാര്യക്ഷമമാക്കുക.

16. സ്കൂൾ സപ്പോർട്ട് ഗ്രൂപ്പിനെ ഉപയോഗപ്പെടുത്തുക.

17. കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ നൃത്തം, ചിത്ര രചന, സംഗീതം, അഭിനയം പോഷിപ്പി

18.അമ്മമാരിൽ വായനാശീലം വളർത്തുക.

19.കുട്ടിയ സഹായിക്കാൻ രക്ഷിതാവിനെ പ്രാപ്തനാക്കുക.

20.കുട്ടികളിൽ നേതൃത്വപാഠവം വികസിപ്പിക്കുക.

21.ഭാഷാ, ശാസ്ത്ര വിഷയങ്ങൾ ഉൾപ്പെടെ എല്ലാരംഗത്തും ഗവേഷകത്വരയുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുക.

22. സമൂഹത്തിന്റെയും പങ്കാളിത്തം വർധിപ്പിക്കുക

23 ചുറ്റുപാടുമുള്ള ചരിത്രപ്രധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തുക, നാടിൻ്റെ ചരിത്രം അറിയുക.

24.കൃഷി, തൊഴിൽ എന്നിവയോട് ആഭിമുഖ്യം വളർത്തുക.

25 .പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.

26 പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാവുക.

27. പഠനത്തിൽ തിയേറ്റർ സാധ്യത ഉപയോഗപ്പെടുത്തുക

28. സ്കൂളിൽ നടക്കുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ സമൂഹത്തിലെത്തിക്കുക.

29. പൊതുസമൂഹത്തെ വിദ്യാലയത്തോട്ട് അടുപ്പിക്കുക.

30. കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പു വരുത്തുക.

31 കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുക.

32. സ്ക്കൂളിലെ മുഴവൻ കുട്ടികളെയും പ്രത്യേകിച്ച് പെൺകുട്ടികളെ ചെറുപ്രായത്തിൽതന്നെ നീന്തൽ പഠിപ്പിക്കുക.

33. കുട്ടികളുടെ സർഗപരമായ കഴിവുകൾ വളർത്തി ഉപജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ്സ് – I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷ ശേഷി വികസനം | 1) ഭാഷാ കളരി<br>കുട്ടികളിലും.<br>പാട്ടുകളും കഥകളുമായി<br>കുട്ടി കൂട്ടങ്ങൾ<br>സംഘടിപ്പിക്കൽ<br><br>2)<u>അമ്മ പറയട്ടെ</u><br>അമ്മമാർ കുട്ടിക്കഥകൾ<br>അവതരിപ്പിക്കുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br><br><br><br><br><br>ജൂലൈ ഡിസംബർ<br>ജനുവരി<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>എസ് ആർ ജി<br>എസ് എം സി<br>സ്കൂൾ വികസന സമിതി<br><br><br><br>ക്ലാസ് ടീച്ചർ<br>എസ് ആർ ജി<br>മദർ പി ടി എ | എസ്എംസി<br><br><br><br><br><br><br><br>മദർ പി ടി എ |

മേഖല – അക്കാദമികം

ഉപമേഖല – ഇംഗ്ലീഷ്

ക്ലാസ്സ്  – I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | എസ് എസ് എ |

മേഖല – അക്കാദമികം

ഉപമേഖല – പരിസരപഠനം

ക്ലാസ്സ് – I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | എസ് ആർ ജി എസ് എം സി | എസ് എം സി |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോ ധ്യാനം ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | എസ് ആർ ജി എസ് എം സി | |

മേഖല – അക്കാദമികം

ഉപമേഖല – ഗണിതം

ക്ലാസ്സ് – I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1.ഗണിത മാഗസിൻ<br><br>2.ജാമതീയ രൂപങ്ങളുടെ നിർമ്മാണ ഏകദിന ക്യാമ്പ്<br><br>3.ഗണിത ക്യാമ്പ്<br>ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ മാർച്ച്<br><br>സെപ്റ്റംബർ<br><br>മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br>എസ് ആർ ജി | എസ് എസ് എ |

മേഖല –  അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ്   – 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖനമികവ്<br><br><br><br>സർഗാത്മതയെ തട്ടിയുണർത്താം | എഴുത്തും കുത്തും ലഘുരചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ<br><br>1)രചനാശില്പശാല ,കഥ , കവിത ,രചനകൾക്കുള്ള വേദിയൊരുക്കൽ | ഒക്ടോബർ<br>നവംബർ<br><br>ഡിസംബർ<br><br><br><br><br>ഡിസംബർ<br>ജനുവരി | SRG<br>ക്ലബ്ബുകൾ<br>മദർ പിടി എ<br>സ്റ്റാഫ്<br><br><br><br><br>അധ്യാപകർ ക്ലബ്ബ്കൾ ,പ്രമുഖ വ്യക്തികൾ | മദർ പിടിഎ<br><br><br><br><br><br><br><br><br>SRG |

മേഖല  – അക്കാദമികം

ഉപമേഖല – ഗണിതം

ക്ലാസ് –2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതചിന്താ ശേഷി വളർത്തൽ | ഒരുദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ<br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ ) | ആഴ്ചയിൽ ഒന്ന് വീതം<br>മാസത്തിൽ ഒന്നുവീതം | എസ് ആർ ജി , ക്ലാസ് ടീച്ചർ | SSA |

മേഖല – അക്കാദമികം

ഉപമേഖല – ഇംഗ്ലീഷ്

ക്ലാസ് –2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | Let's talk<br>പ്രതിഭാധനരുമായി സംവദിക്കൽ<br><br>ഇംഗ്ലീഷ് ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി<br>One day english | മൂന്നു മാസത്തിൽ ഒന്ന്<br><br><br><br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | Staff |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് -2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നത് | ശുചിത്വ സർവേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ<br>എസ് ആർജി<br>എസ് എം സി | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്<br>കാണാ കാഴ്ചകൾ | സെപ്റ്റംബർ<br>ഡിസംബർ | ക്ലാസ് ടീച്ചർ<br>എസ് ആർജി<br>എസ് എം സി | SMC |
| നാട് അറിയാൻ<br>നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്<br>നമുക്കും കർഷകരാകാം | ജനവരി | എസ് ആർജി<br>എസ് എം സി<br>നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് -3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1.കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. | ജൂൺ | അധ്യാപകർ<br>എസ് എം സി | എസ്എംസി |
| | 2.പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ<br>ഡിസംബർ | അധ്യാപകർ<br>എസ് എം സി | എസ്എംസി |
| | 3.ചിത്ര ഗാലറി | ജനുവരി | മദർ പിടിഎ,ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1.പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം. | നവംബർ | വായനശാല<br>എസ്എംസി<br>എസ് ആർ ജി | എസ്എംസി<br>ക്ലബ്ബുകൾ<br>എസ് ആർ ജി |
| | 2.വായനാക്കളരി | ആഴ്ചയിലാണ് | ക്ലബ്ബുകൾ | |
| | 3.നാട്ടുവായന ,പ്രാദേശിക എഴുത്തുകാരമായുള്ള സംവാദം | ആഗസ്റ്റ് | സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് -3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ | എസ് ആർ ജി<br>പിടിഎ | എസ് എസ് എ |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | എസ് എസ് എ<br>സ്റ്റാഫ്<br>എസ് എം സി |

മേഖല – അക്കാദമികം

ഉപമേഖല – പരിസരപഠനം

ക്ലാസ് -3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക ,ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | <u>സസ്യങ്ങളെ തരം തിരിക്കൽ</u> പ്രകൃതി നടത്തം (പാഠം ,വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക .<br>• മഴക്കുഴി നിർമാണം വിദ്യാലയത്തിലെ പ്ലാസ്റ്റിക് | ആഗസ്ത് സെപ്റ്റംബർ | അധ്യാപകൻ<br>പി ടി എ<br>ഹരിതകർമസേന | പി ടി എ |

| | | | | |
|---|---|---|---|---|
| | ഹരിതകർമസേനക്ക് കൈമാറൽ | | | |
| വ്യക്തി ശുചിത്വം | കൈ കഴുകൽ - പരിശീലനം<br>പോസ്റ്റർ നിർമാണം<br>ശുചിത്വ സന്ദേശങ്ങൾ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റം ബർ<br>ഒക്ടോബർ | അധ്യാപകൻ<br>കുട്ടികൾ | പി ടി എ |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് -3

| AIMS | ACTIVITIES | DURATION | CHARGE | ECONOMICS SOURCE |
|---|---|---|---|---|
| To study alphabets | PRE-TEST<br>Write simple words | June -july | Teacher, Students | P T A |
| To, study, write and read simple words | Circle the word from TB and read | August-September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like may I drink some water ? May I go to bathroom?<br>• Hello<br>• Hello, everyone<br>• Good morning<br>• Good morning everyone<br>• Good morning class<br>• Good afternoon everyone<br>• How are you?<br>• How are you all? | Academic year | Teacher, students, parents | Nil |

| | | | | |
|---|---|---|---|---|
| | • How are you today<br>• Let me take attendance | | | |

മേഖല  - അക്കാദമികം

ഉപമേഖല - മലയാളം

ക്ലാസ് -4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.<br>ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ . | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ<br>ആവശ്യമായ സാമഗ്രികൾ ഒരിക്കൽ | ലക്ഷ്യം നേടുന്നത് വരെ . | എസ് ആർ ജി, സി പി ടി എ, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനശേഷി വളർത്തൽ . | ക്ലാസ്സ് വായന, ക്ലാസ്സ്  ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം | വർഷം മുഴുവൻ | HM<br>SRG<br>CLASS<br>TEACHER<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നു പഠനാപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | പ്രതിമാസം | എസ് ആർ ജി, സി പി ടി എ, ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർധിപ്പിക്കൽ . സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | എസ് ആർ ജി, സി പി ടി എ, ക്ലാസ് ടീച്ചർ | |
| കണ്ടറിയാം കേട്ടറിയാം | | | | |
| അറിവ് ഡോക്യൂമെന്ററിയിലൂടെ നേടൽ .(ഐസിടി) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| രുചിച്ചറിയാം | | | | |
| നമ്മുടെ പ്രാചീന (നടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസ്സിൽ ഒരു സദ്യ | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ എസ് ആർ ജി, പി ടി എ, | |
| ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മ ദിനങ്ങൾ ആചരിക്കൽ | സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തകപരിചയം,, ക്വിസ് ലഘുപ്രഭാഷണം, ജീവിതരേഖ | ആവശ്യാനുസരണം, | ക്ലാസ് ടീച്ചർ എസ് ആർ ജി, പി ടി എ, | |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | | | |
| കലാകൂട്ടം | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ പ്രദർശനം സർഗോത്സവം കലാവതരണം കലാ ഉപകരണങ്ങൾ, ച മയങ്ങൾ | വർഷത്തിൽ ഒന്ന് | എസ് ആർ ജി, സി പി ടി എ, ക്ലാസ് ടീച്ചർ | |
| സർഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ പ്രദർശനം സർഗോത്സവം കലാവതരണം കലാ ഉപകരണങ്ങൾ, ച മയങ്ങൾ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | എസ് ആർ ജി, സി പി ടി എ, ക്ലാസ് ടീച്ചർ | |

മേഖല  - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് -4

| പ്രവർത്തനങ്ങൾ | ലക്ഷ്യം | | |
|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം (വർഷം മുഴുവൻ ) | ക്ലാസ് ടീച്ചർ |
| അസംബ്ലി ചേരൽ നിയന്ത്രണം കുട്ടികൾക്ക് | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ | | | |
| ഇംഗ്ലീഷ് തീയേറ്റർ | സർഗാത്മകതാ പരിപോഷണം | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനാശേഷി | | |

| | | | |
|---|---|---|---|
| | വികസനം | | |
| മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | | മൂന്ന മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് കയ്യെഴുത്ത് | ഇംഗ്ലീഷ് ഭാഷയിൽ ഉള്ള രചനാ മികവ് | മാസത്തിൽ ഒന്ന് രണ്ടാഴ്ചയിലൊന്ന് | ക്ലാസ് ടീച്ചർ |
| സ്കൂളിലെ വിശേഷ ദിവസങ്ങളിൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കത്തിടപാടുകൾ നടത്തൽ | | | SRG |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | | ക്ലാസ് ടീച്ചർ |
| കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ വായനാവേള ഒരുക്കൽ വായനാക്കുറിപ്പ് പുസ്തക പരിചയം | | | |

മേഖല - അക്കാദമികം

ഉപമേഖല – ഗണിതം

ക്ലാസ് -4

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ .<br>മൂല്യനിർണയം<br>(ഏണിയും പാമ്പും,ഡയ്സ് കളി, സങ്കല നം വ്യവകലനം കച്ചവടക്കളി) | ഗണിത പഠനം രസകരമാക്കൽ<br>ചതുഷ്ക്രിയകൾ ലളിതമാക്കാൻ | വർഷം മുഴവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്കാൻ<br>കരചലനശേഷി വികാസം | വർഷത്തിലൊരിക്കൽ ഉചിതമായ സമയം | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | | | | |

| | | | | |
|---|---|---|---|---|
| പ്രദർശനം | | | | |
| ഗണിത ലാബ് | ഗണിതപഠനം സുതാര്യമാക്കാൻ ഗണിതലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴവൻ | ക്ലാസ് ടീച്ചർ srg | PTA |
| ഗണിത ചുമർ | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | | | ക്ലാസ് ടീച്ചർ | PTA |
| ഗണിതോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | | ക്ലാസ് ടീച്ചർ | PTA |

മേഖല  – അക്കാദമികം

ഉപമേഖല – പരിസരപഠനം

ക്ലാസ് –4

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം അറിവ് നിർമ്മാണം | ആവശ്യാനുസരണം | CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കാൻ | | | | |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | വർഷം മുഴുവൻ | SRG , CLASS TEACHER | PTA |
| ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരിക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | ആവശ്യനുസരണം വർഷത്തിൽ ഒന്ന് | SRG ,CLASS TEACHER | PTA |
| വനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് | | | SRG ,CLASS TEACHER | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക് ലോർ അക്കാദമി സന്ദർശിക്കൽ | | | | |
| ഭൂപടം ഒരുക്കാം | ഭൂപടം വായന ഭൂപട രചന സൂചിക | വർഷത്തിലൊന്ന് | SRG ,CLASS TEACHER | PTA |
| ശാസ്ത്ര വിസ്മയച്ചവർ | ശാസ്ത്ര പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG ,CLASS TEACHER | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | | | PTA |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊന്ന് | SRG ,CLASS TEACHER | PTA |

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

## അറബിക്

### ലക്ഷ്യങ്ങൾ :-

1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്ന പറയുന്ന

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്ന

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1.അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ | 1.അക്ഷരകാർഡുകൾ<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണ ശുദ്ധിയോടെ | 1.തെറ്റായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ | കുട്ടികൾ വായിക്കുന്ന ഉച്ചാരണ ശുദ്ധി ഉണ്ടാക്കുന്ന ചിഹ്നങ്ങൾ തിരിച്ചറിയുന്ന | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| | | | | | |
|---|---|---|---|---|---|
| ചേർത്ത് വായന | വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4. അക്ഷരങ്ങൾ ഔട്ട്ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5.ഐസിടി ഉപയോഗിക്കുന്നു | എന്ന് പരീക്ഷിക്കുന്നു.<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3.അക്ഷര പഠന സഹായി ഉപയോഗിക്കുന്നു<br>4.വീട്ടുകളിൽ അക്ഷര ചാർട്ട് | | | |
| പദ നിർമ്മാണം<br>പദശേഖരണം<br><br>ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു | 1.അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2. പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3.പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നത്<br><br>പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ നിത്യേന ക്ലാസിൽ | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം<br><br>വീട്ടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞ് ശീലിക്കാൻ | | CPTA<br><br>CPTA | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br><br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| | സന്ദർഭങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നു | | | | |
| കവിത കേട്ട് ആസ്വദിക്കുന്നു<br>മാഗസിൻ നിർമ്മാണം | കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്ന ചിത്രങ്ങൾ വരക്കാം | കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു . | | | |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള കാർഡുകൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

യു പി  വിഭാഗം

അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | 1-അനുഭവിച്ചറിയാൻ ഒരു യാത്ര<br>*ആവാസ വ്യവസ്ഥ- കാവ് കുളം, വയൽ- സന്ദർശനം<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ/ ജന്തുക്കളെ കണ്ടെത്തൽ, കണ്ടൽകാട് നിരീക്ഷണം<br>* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ പ്രവർത്തനങ്ങൾ | ജൂലൈ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ |
| | 2- ജൈവവൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം,ജൈവവേലി ഓർണമെന്റൽ പ്ലാൻസ്,മുളകൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാർക്ക് | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്<br>ശാസ്ത്ര | പിടിഎ |

| | | | | |
|---|---|---|---|---|
| | നിർമ്മാണം<br>ചെണ്ടുമല്ലി കൃഷി<br>3- ഫീൽഡ് ട്രിപ്പ്- കാർഷിക നഴ്സറി, ഗവേഷണ സ്ഥാപനങ്ങൾ സന്ദർശനം<br><br>പരീക്ഷണ വിസ്മയങ്ങൾ<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉൾപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ മുന്നോട്ടു കൊണ്ടുപോകുക. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു<br>പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂലൈ<br><br><br><br><br><br><br><br><br><br><br>ജൂലൈ മുതൽ | അധ്യാപകർ<br>ഹെൽത്ത് ക്ലബ്<br><br><br>ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ് | പിടിഎ |
| ശാസ്ത്രപ്രക്രിയ ശേഷി വർദ്ധിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക | എക്സിബിഷൻ<br>=>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങളും നിർമ്മാണങ്ങളും മറ്റും ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br>=>ശാസ്ത്ര വിസ്മയ ചുമ<br>=> ശാസ്ത്ര വായന കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ്<br>ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ | പിടിഎ<br><br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | | | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തിയുള്ള ശാസ്ത്ര പഠനം<br>ശാസ്ത്ര ഗവേഷണ അഭിരുചി വർദ്ധിപ്പിക്കുക | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവയുടെ പ്രദർശനം<br>ശാസ്ത്ര ദിനാചരണ പ്രവർത്തനങ്ങൾ നടത്തുക | അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

യു പി വിഭാഗം

ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| 1. ഇംഗ്ലീഷ് വൊക്കാബുലറി വർദ്ധിപ്പിക്കുക | പ്രവർത്തനങ്ങൾ<br>1. My word gallary<br>സ്കൂൾ നോട്ടീസ് ബോർഡിൽ ദിവസവും 5 ഇംഗ്ലീഷ് വാക്കുകൾ പ്രദർശിപ്പിക്കുന്നു. അവയുടെ സ്പെല്ലിംഗ് മീനിങ് എന്നിവ എഴുതിയെടുത്ത് പഠിക്കുന്നു<br>ആത്മവിശ്വാസം വർദ്ധിപ്പിക്കുവാൻ കുട്ടികൾ തന്നെ ഓരോ ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | 1. വർഷം മുഴുവൻ<br><br>3. ജൂൺ,<br>4. ആഗസ്റ്റ്<br>5.ഫെബ്രുവരി | 1. ഇംഗ്ലീഷ് അധ്യാപകൻ, ഇംഗ്ലീഷ് ക്ലബ് അംഗങ്ങൾ<br>2. ഇംഗ്ലീഷ് അധ്യാപകൻ<br>3. ഇംഗ്ലീഷ് അധ്യാപകൻ<br>4. ഇംഗ്ലീഷ് അധ്യാപകൻ<br>5. സ്കൂളിലെ എല്ലാ അധ്യാപകരും പിടിഎ പ്രതിനിധികളും |

| | | | |
|---|---|---|---|
| | (5 6 7  ക്ലാസുകൾ മാത്രം) | | |
| 2. ശരിയായി ഇംഗ്ലീഷ് ശ്രുവി ക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | 2. Lend your Ear.2. Lend your Ear.<br>ലളിതവും രസകരവുമായ ചില കാർട്ടൂണുകളും കഥകളും പ്രദർശിപ്പിക്കുന്നു. അതിന്റെ അനുബന്ധ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു<br>3.English classroom<br>പഠന പ്രവർത്തനത്തോടൊപ്പം ക്ലാസിലെ മറ്റ് അവസരങ്ങളിലും ഇംഗ്ലീഷ് സംസാരിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു<br>4. English Assembly<br>ഇംഗ്ലീഷ് ഭാഷയിലെ ലളിതവും രസകരവുമായ ചില കാർട്ടൂണുകളും കഥകളും പ്രദർശിപ്പിക്കുന്നു. അതിന്റെ അനുബന്ധ ചോദ്യങ്ങൾക്ക് | 2. ആഴ്ചയിൽ ഒരുതവണ<br>ജൂൺ,<br>4. ആഗസ്റ്റ് | |

| | | | |
|---|---|---|---|
| | ഉത്തരം നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | | |
| 3. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുക | 5. English camp<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള അധ്യാപകരും മറ്റ് അംഗങ്ങളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഒരു ഇംഗ്ലീഷ് ക്യാമ്പ് സംഘടിപ്പിക്കുന്നു. റോൾപ്ലേ,ഡ്രാമ, പോയം, സ്പീച്ച്, സ്റ്റോറി ടെല്ലിങ് തുടങ്ങിയ പരിപാടികൾക്ക് അവസരം നൽകുന്നു | 5.ഫെബ്രുവരി | |

അക്കാദമിക് മാസ്റ്റർ പ്ലാൻ
യു പി വിഭാഗം

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1.അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | പ്രവർത്തനങ്ങൾ<br>ഗണിത ശില്പശാല: കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ഗണിത അധ്യാപിക |
| 2.ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത ലാബ്: പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ഓഗസ്റ്റ് | ഗണിത അധ്യാപിക ഗണിത ക്ലബ്ബിലെ അംഗങ്ങൾ |
| 3 ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപിക ക്ലബ് ലീഡർ |

| | | | |
|---|---|---|---|
| 4.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | വിദ്യാലയങ്ങളിൽ മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു<br><br>ഐടി സാധ്യതകളിലൂടെ: ജ്യാമിതീയ രൂപങ്ങൾ പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപിക |
| 5.ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക് : ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ |

| | | | |
|---|---|---|---|
| 6.വിവിധ ശേഷികളുടെ വികാസം | നൽകുന്ന പോരായ്മ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകുന്ന<br><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എസ്ആർജി യിൽ രൂപപ്പെടുത്തുന്നു | ആവശ്യാനുസരണം | എസ് ആർ ജി |

അക്കാദമിക് മാസ്റ്റർ പ്ലാൻ
യു പി  വിഭാഗം

സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെഅടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | 1 നദികൾ തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യപരമായ മൂല്യങ്ങൾ വളർത്തിയെടുക്കുക | സാമൂഹ്യശാസ്ത്ര വുമായി ബന്ധപ്പെട്ടു പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | 2 തെരഞ്ഞെടുപ്പ് കമ്മിറ്റി രൂപീകരിക്കുക നാമനിർദ്ദേശ പത്രിക സമർപ്പിക്കുക പ്രതിനിധികളെ തിരഞ്ഞെടുക്കുക വോട്ടെടുപ്പ് ഫലപ്രഖ്യാപനം എന്നിവയിലൂടെ | ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക<br><br>പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു<br><br>സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവന്മാരാക്കുന്നു | പാർലമെന്റ് രൂപീകരിക്കൽ<br><br>3 ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ചു കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു<br><br>4 ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു<br><br>5 ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു<br><br>6 സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ | സെപ്റ്റംബർ<br><br>ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയ ങ്ങൾ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു<br><br>7 മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | ഡിസംബർ<br><br>ജനുവരി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

യു പി  വിഭാഗം

ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| 1)5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചു എടുക്കുക. | 1) പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സി. ഡി. യിൽ അക്ഷര രചന കാണിക്കൽ എന്നിവ. | 1) ജൂൺ മുതൽ ഫെബ്രുവരി വരെ | 1)ഹിന്ദി അധ്യാപിക | |
| 2) തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | 2) നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ സി. ഡി. താഴെ ഹിന്ദിയിൽ മാത്രമുള്ളവ കാണിക്കും. | 2) ജൂൺ മുതൽ ഫെബ്രുവരി വരെ. | 2) ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| 3) ഹിന്ദി സംസാരം:<br>ഹിന്ദി സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കാനും നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | 3) ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്<br><br>അധ്യാപിക ഹിന്ദി തെറ്റിച്ച് വായിക്കുക കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Reader fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസ് ഇല്ലാതെ കൂടുതൽ വരി വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകുക. | 3) ജൂൺ മുതൽ ഫെബ്രുവരി വരെ. | 3) ഹിന്ദി അധ്യാപിക | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

യു പി  വിഭാഗം

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1.ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ കഥാകവിത യാത്രാനുഭവം അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ |
| | **ഭാഷകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ |
| | | ജൂൺ മാസം | മലയാളം അധ്യാപകർ |
| 2.പഠിതാവിന്റെ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | എല്ലാ ദിവസവും | മലയാളം അധ്യാപകർ |
| | വാർത്താ ലോകത്തേക്ക് പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | | |

| | | | |
|---|---|---|---|
| | വാർത്താ വായന നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്ന ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്ക അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | | |
| 3.സാഹിത്യകൃതികളോടും സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം മുഖാമുഖം സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷവർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അധ്യാപകർ |
| 4. മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടി എടുക്കലും സർഗാത്മകശേഷി വളർത്തലും. | **ഈ കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു .<br>മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| 5.പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പിടിഎ |
| 6.കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് എം അവതരണ മികവ് | **സെൻമേരിസ് എഫ് എം**<br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്ന വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്ന വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്ന സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്ന | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | പിടിഎ സ്കൂൾ ക്ലാസ് ലീഡർമാർ സ്കൂളിൽ ലീഡർ മലയാളം അധ്യാപകർ |

അക്കാദമിക് മാസ്റ്റർ പ്ലാൻ
യു പി വിഭാഗം

ഉറുദു

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1.യുപി തലത്തിൽ എല്ലാ<br><br><br><br><br><br><br><br><br><br><br>2.കുട്ടികൾക്കും<br>അക്ഷരങ്ങളുംപദ ങ്ങളും<br>ഉറപ്പിക്കൽ<br>3 ഉർദു വായന | • ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷര മരം നിർമ്മിക്കൽ<br>• പാട്ടുകളും കഥകളും കേൾപ്പിക്കൽ<br><u>പറയാം പഠിക്കാം</u><br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘുസംഭാഷണങ്ങൾ<br><br><br>വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, വായന കാർഡുകൾ എന്നിവ വായനക്ക് ലഭ്യമാക്കൽ | ജൂൺ ഓഗസ്റ്റ്<br><br><br><br><br><br><br><br>ജൂൺ ജൂലൈ<br>വിവിധ<br>ദിനാചരണങ്ങളിൽ<br><br><br>സെപ്റ്റംബർ<br>ഒക്ടോബർ | അധ്യാപിക<br><br><br><br><br><br><br><br>അധ്യാപിക<br><br><br><br><br>അധ്യാപിക |

| | | | |
|---|---|---|---|
| 4.ഉർദ്ദു ടൈപ്പിംഗ്<br>5.ഉർദ്ദു ദിനം<br>6.വായന ആസ്വാദനം | | നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

യു പി  വിഭാഗം

സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവതി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം യു പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | • ഭാഷാജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ്<br>• വാക്കുകളെഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരം മരം നിർമ്മിക്കൽ<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക<br>• | ജൂൺ<br>ആഗസ്റ്റ് | അക്ഷരച്ചാർട്ട്<br>പാഠപുസ്തകം<br>ഐസിടി | Pta<br>teacher |
| | പറയാം പഠിക്കാം ചിത്രങ്ങളുടെ പേര് പറയൽ ചിത്രകഥകൾ ലഘു | ജൂൺ ജൂലൈ | സംസ്കൃത കഥാപുസ്തകം | അധ്യാപിക |

| | | | | |
|---|---|---|---|---|
| | സംഭാഷണങ്ങൾ<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | | ഐസിടി | |
| വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കു . ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ, ഒക്ടോബർ, | സംസ്കൃത നിഘണ്ടു | റിസോഴ്സ് അധ്യാപിക |
| വായനാലോകം കുട്ടിയെ വായനയുടെ ലോകത്തേക്ക് | തിരഞ്ഞെടുപ്പ് ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക കൂടുതൽ പുസ്തകങ്ങൾ | 6 മാസം | ക്ലാസ് ലൈബ്രറി | അധ്യാപിക |
| കരിക്കുലം ലക്ഷ്യം വഹിക്കുന്ന സംസ്കൃത ഭാഷാ പഠനം നേട്ടങ്ങൾ | ക്ലബ്ബ് രൂപീകരണം പഠനോപകരണ നിർമ്മാണം<br>കലണ്ടർ നിർമ്മാണം ഗൃഹസന്ദർശനം പഠന യാത്ര | ജൂൺ -മാർച്ച് | ചാർട്ട് ചിത്രം | അധ്യാപിക |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു | ജൂൺ മാർച്ച് | ക്ലാസ് റൂം | അധ്യാപിക |